


ഡോ. ഗൾഫാർ മുഹമ്മദലിക്ക് ലീഡർഷിപ് ആൻഡ് പിപ്പിൾ ഡെവലപ്മെൻറ് അവാർഡ് ഗതാഗത-വാർത്താവിതരണ മന്ത്രി ഡോ. അഹ്മദ് ബിൻ മുഹമ്മദ് ബിൻ സാലിം അൽ ഫുതൈസി നൽകുന്നു

# ഡോ. ഗൾഫാർ മുഹമ്മദലിക്ക് ലീഡർഷിപ് ആൻഡ് പിപ്പിൾ ഡെവലപ്മെൻറ് അവാർഡ് സമ്മാനിച്ചു

മസ്കത്ത്: നിർമാണ മേഖലയിലെ വിവിധ രംഗങ്ങളിൽ മികവ് തെളിയിച്ചവർക്ക് നൽകുന്ന ദൊസിയർ കൺസ്ട്രക്ഷൻ അവാർഡ് മസ്കത്തിൽ നടന്ന ചടങ്ങിൽ വിതരണം ചെയ്തു. ലീഡർഷിപ് ആൻഡ് പീപ്പിൾ ഡെവലപ്മെൻറ് വിഭാഗത്തിലെ പ്രത്യേക പുരസ്കാരം ഗൾഫാർ എൻജിനീയറിങ് ആൻഡ് കോൺട്രാക്ടിങ് കമ്പനി മാനേജിങ് ഡയറക്ടർ ഡോ. ഗൾഫാർ മുഹമ്മദലിക്ക് സമ്മാനിച്ചു. ഗതാഗത-വാർത്താവിതരണ മന്ത്രി ഡോ. അഹ്മദ് ബിൻ മുഹമ്മദ് ബിൻ സാലിം അൽ ഫുതൈസിയാണ് പുരസ്കാരം സമ്മാനിച്ചത്. സഊദ് അസദ് ബിൻ താരീഖ് സന്നിഹിതനായിരുന്നു. ചെറുകിട സംരംഭം എന്നതിൽനിന്ന് ഗൾഫാർ എനജിനീയറിങ് ആൻഡ് കോൺട്രാക്ടിങ് കമ്പനിയെ ഉന്നതിയിലെത്തിച്ച ഗൾഫാർ മുഹമ്മദലി ഒമാൻ പെട്രോളിയം അലയൻസിൻെറ സ്ഥാപകനും പ്രഥമ ചെയർമാനുമാണ്. ഒമാൻ മാനവ വിഭവ ശേഷി മന്ത്രാലയം രൂപവത്കരിച്ച ഒമാനൈസേഷൻ കമ്മിറ്റിയുടെ വൈസ് ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്. ഒമാൻ സൊസൈറ്റി ഓഫ് കോൺട്രാക്ടേഴ്സിൻെറ രൂപവത്കരണത്തിന് മാർഗദർശിയായ ഇദ്ദേഹം തുടക്കം മുതൽ സംഘടനയുടെ ചെയർമാനാണ്. വിദേശികൾക്ക് നൽകുന്ന ഉന്നത സിവിലിയൻ അവാർഡായ ഒമാൻ സിവിൽ ഓർഡർ നൽകി 2002ൽ സർക്കാർ ആദരിച്ചിട്ടുണ്ട്.

# ഒ.ഐ.സി.സി ഗ്ലോബൽ മീറ്റിങ്ങിൽ ഒമാൻ പ്രതിനിധികൾ പങ്കെടുക്കും

മസ്കത്ത്: ഖത്തറിൽ വെള്ളിയാഴ്ച നടക്കുന്ന ഒ.ഐ.സി.സി ഗ്ലോബൽ മീറ്റിങ്ങിൽ ഒമാനിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും. ഒമാൻ നാഷനൽ കമ്മിറ്റി പ്രസിഡൻറ് സിദ്ദീഖ് ഹസൻ, ജനറൽ സെക്രട്ടറി എൻ.ഒ. ഉമ്മൻ, ഗ്ലോബൽ കമ്മിറ്റി അംഗങ്ങളായ കെ. ലാജുദ്ദീൻ, മാന്നാർ അയ്യൂബ് എന്നിവരാണ് ഒമാനിൽനിന്ന് പങ്കെടുക്കുക.

മെമ്പർഷിപ്പ് വിതരണം, പുനഃസംഘടന തുടങ്ങിയ സംഘടനാ വിഷയങ്ങൾക്ക് പുറമെ പ്രവാസികളുമായി ബന്ധപ്പെട്ട പ്രധാന കാര്യങ്ങളും യോഗം ചർച്ച ചെയ്യുമെന്ന് ഒമാൻ നാഷനൽ കമ്മിറ്റി പ്രസിഡൻറ് സിദ്ദീഖ് ഹസൻ അറിയിച്ചു.

ഗൾഫിനു പുറമെ യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക എന്നിവിടങ്ങളിൽനിന്നും പ്രതിനിധികൾ പങ്കെടുക്കുന്ന യോഗത്തിൽ പ്രസിഡൻറ് സി.കെ. മേനോൻ അധ്യക്ഷത വഹിക്കും. കെ.പി.സി.സി പ്രസിഡൻറ് രമേശ് ചെന്നിത്തല, വൈസ് പ്രസിഡൻറ് എം.എം. ഹസൻ, പ്രവാസി സംഘടനയുടെ ചുമതലയുള്ള ജനറൽ സെക്രട്ടറി എൻ. സുബ്രഹ്മണ്യൻ, സെക്രട്ടറിമാരായ മാന്നാർ അബ്ദുൽ ലത്വീഫ്, പി.ടി. അജയ്മോഹൻ, ഗ്ലോബൽ ഓർഗനൈസിങ് സെക്രട്ടറി ശങ്കർ പിള്ള കുമ്പളത്ത് തുടങ്ങിയവർ നേതൃത്വം നൽകും.

വിദേശരാജ്യങ്ങളിൽ നോർക കൺസൾട്ടൻറ് ഏജൻറിനെ നിയോഗിക്കുക, ഒമാൻ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ ജയിലുകളിൽ കഴിയുന്നവരും നടപടികൾ നേരിടുന്നവരുമായ പ്രവാസികൾക്ക് നിയമസഹായമെത്തിക്കാൻ സംവിധാനമേർപ്പെടുത്തുക എന്നീ ആവശ്യങ്ങൾ നേടുന്നതിന് സർക്കാറിൽ സമ്മർദം ചെലുത്തണമെന്ന് ഒമാൻ പ്രതിനിധികൾ ആവശ്യപ്പെടുമെന്ന് സിദ്ദീഖ് ഹസൻ അറിയിച്ചു.

# കുടുംബിനിയെ അപമാനിക്കാൻ ശ്രമിച്ച കേസിൽ ആറുപേർ പിടിയിൽ

മസ്കത്ത്: ഭർത്താവിനോടൊപ്പം നടന്ന് പോവുകയായിരുന്ന സ്ത്രീയെ അപമാനി... സംഘം മർദിക്കുകയും അപമാനിക്കുകയുമായിരുന്നു.

# 19 പേ...

സ്വന്തം ലേഖകൻ

മസ്കത്ത്: മസ്കത്തിൻെ...
ങ്ങളിൽ എയർഗൺ ഉപയോ...
കൾക്ക് നേരെ വെടിവെപ്പ് നട...
രണ്ട് ഒമാനി യുവാക്കൾ പിടി...
ഞ്ഞ ദിവസം ഒരു ഇന്ത്യക്കാ...
ക്കാൻ ശ്രമിക്കുന്നതിനിടെയാ...
യൽ ഒമാൻ പൊലീസിൻെറ ...
ഷണസംഘം പിടികൂടിയത്.
സഊദ് ബിൻ സാസർ ബ...
ബ്രി (22), അബി ബിൻ മുഹ...
ദ് അൽ ഹാർത്തി (21) എന്നി...
റസ്റ്റ് ചെയ്തത്. പ്രതികൾ ...
തായും ഇതുവരെ 19 പേരെ ...
വേൽപിച്ചെന്ന് മൊഴി നൽക...
ലീസ് അറിയിച്ചു. റൂവി, വാ...
റാത്ത്, അൽ ഖുവൈർ, ഗൂ...
യ്ൽ, അൽഖൂദ് എന്നിവിടങ...
വെപ്പ് നടത്തിയതെന്ന് ഇവർ...
ട് പറഞ്ഞു.
ആക്രമണത്തിന് ഇരയാ...
പരാതിയിലാണ് പൊലീസ്...

# വെ...

സ്വന്തം ലേഖകൻ

മസ്കത്ത്: ശുചീ...
ണ ജോലിക്കിടെയുണ്ട...
തീപിടിത്തത്തിൽ പാതി ...
ശരീരവുമായി തമിഴ്നാട്ടു...
രൻ ദുരിതമനുഭവിക്കുന്നു. ...
ഴ്നാട് ശിവഗംഗ സ്വദേശി ...
മേഖം അയ്യപ്പനാണ് (42) ...
ക്കാനാവാതെയും ചൊറി...
അനുഭവിച്ചും പ്രയാസ...
ന്നത്.
റൂവിയിലെ ശുചീകരണ...
മ്പനിയിൽ ജീവനക്കാരനാ...
ന്ന ഇദ്ദേഹം ദാർസൈതി...
ട്ടിൽ ജോലി ചെയ്യുന്നതി...
യാണ് അപകടമുണ്ടായത്...
ഏപ്രിൽ 28നായിരുന്നു ഇ...
പെട്രോളുപയോഗിച്ച്...
സൈക് തറ വൃത്തിയാക്...
തിനിടെ ശുചീകരണ ...
ഷോർട്ട് സർക്യൂട്ട് കാ...